4. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലേയോ ബോധന മാദ്ധ്യമം മാതൃഭാഷയോ പ്രാദേശിക ഭാഷയോ ആയിരിക്കണം.

5. ത്രിഭാഷാപദ്ധതി ഇൻഡ്യ ഒട്ടാകെ നടപ്പാക്കുക.

6. പങ്കാളിത്ത ബോധന സമ്പ്രദായത്തിലൂടെ വിദ്യാഭ്യാസ പ്രക്രിയ കൂടുതൽ വിദ്യാഭ്യാസാടിസ്ഥാനത്തിൽ കേന്ദ്രീകൃതമാക്കുക.

7. പഠന ബോധന പ്രക്രിയയിൽ സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുക.

ഭൂഗർഭ-ഉപരിതല ജലശേഷിയെ സംബന്ധിച്ച സർവ്വേ

* 203. [223] ശ്രീ. നാലകത്തു സൂപ്പി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കെ. ബാവ :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) ഭൂഗർഭ-ഉപരിതല ജലശേഷി സംബന്ധിച്ചു സംസ്ഥാന ഗവൺമെൻറ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഈ സർവ്വേ നടത്തിയത് ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഭൂഗർഭജലത്തിൻെറ ശേഷി ബ്ലോക്ക് താലൂക്ക് അടിസ്ഥാനത്തിൽ ഏകദേശം തിട്ടപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. ഉപരിതല ജലശേഷിയെക്കുറിച്ചു പൂർണ്ണമായ സർവ്വേ നടത്തിയിട്ടില്ല.

(ബി) മേൽപറഞ്ഞവിധം ഭൂഗർഭ ജലശേഷി തിട്ടപ്പെടുത്തിയത് കേരള ഭൂഗർഭജലവകുപ്പാണ്. ഉപരിതലജലശേഷിയെ സംബന്ധിച്ച് ഭാഗീകമായ സർവ്വേ നടത്തിയത് ചെറുകിട ജലസേചനവിഭാഗമാണ്.

'എസ്. എസ്. എൽ. സി. യുടെ പേരും പരീക്ഷാ ഘടനയും

* 204.[224] ശ്രീ. ആർ. എസ്. ഉണ്ണി :
,, എ. വി. താമരാക്ഷൻ :
,, എ. കെ. പത്മനാഭൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. യുടെ പേരും പരീക്ഷാ ഘടനയും മാറുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഈ മാറ്റംകൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ;

(സി) എസ്. എസ്. എൽ. സി. പരീക്ഷയിൽ പരുത്താനുദ്ദേശിക്കുന്ന പരിഷ്ക്കരണം നടപ്പിലാക്കുന്നതിനു മുൻപ് വിദ്യാഭ്യാസ വിചക്ഷണൻമാർ, അദ്ധ്യാപക സംഘടനകൾ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവരുമായി കൂടിയാലോചന നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly